"ഭരണഭാഷ – മാതൃഭാഷ"

പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം

(ഹാജർ: ആർ.ഗിരിജ, ഐ.എ.എസ്)

D.M.2-116400/17

തീയതി: 04/1/2018

---

വിഷയം:- മകരജ്യോതി ദർശനം-പൊന്നമ്പലമേടിനു ചുറ്റും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച്

സൂചന:- 03/1/2018 ലെ ശബരിമല മകരവിളക്കിനോടനുബന്ധിച്ചുള്ള ആലോചന യോഗ തീരുമാനം

.........................................................................

മകരജ്യോതി ദർശനത്തിനായി രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിന് അയ്യപ്പഭക്തൻമാർ ശബരിമലയിലും ജ്യോതി തെളിയുന്ന പൊന്നമ്പലമേടിനു ചുറ്റുമുള്ള ഉയർന്നതും ദർശനത്തിന് സൗകര്യപ്രദമായ സ്ഥലങ്ങളിലും കേന്ദ്രീകരിക്കാറുണ്ട്.

മകരജ്യോതിയോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ ഗവി ടൂറിസ്റ്റ് കേന്ദ്രവുമായി ബന്ധപ്പെട്ട പ്രദേശത്തിനുചുറ്റും ഉണ്ടയേക്കാവുന്ന ഭക്തജന സാന്ദ്രത ഗവിയിലേക്ക് വിനോദ സഞ്ചാരത്തിനെത്തുന്ന ടൂറിസ്റ്റുകളുടെ സുരക്ഷയെ ബാധിക്കുമെന്നതിനാലും ഇവർക്ക് സുരക്ഷ ഒരുക്കുന്നതിനും ഇവരുടെ വാഹനം സുഗമമായി സഞ്ചരിക്കുന്നതിനും ടി കാലയളവിൽ പ്രയാസകരമായതിനാലും 10/1/2018 മുതൽ 16/01/2018 വരെ ആങ്ങമൂഴി ,കൊച്ചുപമ്പ,വള്ളക്കടവ് ചെക്ക് പോസ്റ്റിലൂടെയുള്ള ഗവി ടൂറിസ്റ്റ വാഹനങ്ങളുടെ യാത്രയും , ഗവി ടൂറിസവും നിരോധിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഉത്തരവ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റാന്നി, കോന്നി , ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ ടൈഗർ റിസർവ്വ് (പെരിയാർ വെസ്റ്റ്), ജില്ലാ പോലീസ് മേധാവി എന്നിവർ നടപ്പാക്കേണ്ടതാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ.

പകർപ്പ്:-

1. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട.
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി/കോന്നി.
3. ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ ടൈഗർ റിസർവ്വ് (പെരിയാർ വെസ്റ്റ്)
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട.
5. സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ,പത്തനംതിട്ട
6. ഡെപ്യൂട്ടി ഡയറക്ടർ ടൂറിസം, പത്തനംതിട്ട.
7. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

ജൂനിയർ സൂപ്രണ്ട്.